"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഗീതാകുമാരി കെ. യുടെ നിലവിലുള്ള സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ പുനപ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3745/2025/GEDN തീയതി,തിരുവനന്തപുരം, 09-06-2025

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/04/2025-ലെ വിബി(4)8641/2025/ഡിജിഇ നമ്പർ കത്ത്
2. 25/04/2025-ലെ സ.ഉ(സാധാ) നം.2894/2025/പൊവിവ.
3. ശ്രീമതി ഗീതാകുമാരി കെ.യ്ക്ക് നൽകിയ 26/04/2025-ലെ പൊവി-ഡിഎ1/93/2025/പൊവിവ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. 29/04/2025-ലെ സ.ഉ(സാധാ)നം.3012/2025/പൊ.വി.വ.
5. ശ്രീമതി ഗീതാകുമാരി കെ. സമർപ്പിച്ച പ്രതിവാദ പത്രിക

**ഉത്തരവ്**

ഒരു പ്രത്യേക മതവിഭാഗം ജീവനക്കാർക്കെതിരെ ലഭിച്ച പരാതി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വ്യക്തമായ പരിശോധന നടത്താതെ തുടർനടപടി സ്വീകരിക്കുന്നതിനായി 13/02/2025-ൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അയച്ചു നൽകുകയും പരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തുടർ നിർദ്ദേശങ്ങൾ ലഭിക്കും വരെ ടി പരാതിയിന്മേൽ നടപടി സ്വീകരിക്കരുത് എന്ന നിർദ്ദേശം 20/02/2025-ൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകുകയുണ്ടായി.

2) 13/02/2025-ലെ നിർദ്ദേശം നടപ്പിലാക്കേണ്ടതില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഗീത കുമാരി കെ. പ്രസ്തുത നിർദ്ദേശം താഴെയുള്ള ഓഫീസുകളിലേക്ക് നൽകുകയും അത് പ്രകാരം അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന സീനിയർ സൂപണ്ട് ശ്രീമതി ഷാഹിന എ കെ. തന്റെ അധികാര പരിധിക്കുള്ളിൽ വരുന്ന സ്കൂളുകളിൽ നിന്നും ഇതു സംബന്ധമായ വിവരം ലഭ്യമാക്കുന്നതിന് നിർദേശം നൽകുകയും ചെയ്തു.

3) ഈ വിഷയത്തിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യസ ഓഫീസറായിരുന്ന ശ്രീമതി ഗീതാകുമാരി കെ.യുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് സർക്കാർ ടിയാളെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും വേലവിലക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 1960-ലെ കേരള സിവിൽ സർവിസസ് തരം തിരിക്കലും, നിയന്ത്രണവും അപ്പിലും) ചട്ടങ്ങൾ പ്രകാരം വകപ്പുതല അച്ചടക്കനടപടികൾ ആരംഭിക്കാൻ തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രിക നൽകുകയും ചെയ്തിരുന്നു. ഇതിന് പരാമർശം (5) പ്രകാരം ടിയാൾ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

4) ടി വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ.ബിജുകുമാർ ബിടി.യെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു.

5) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ 28/2/2025-ന് വിരമിച്ചതിനെ തുടർന്നാണ്, ഉപഡയറക്ടറുടെ അധിക ചുമതല മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി ഗീതാ കുമാരി കെ യ്ക്ക് നൽകുന്നത്. 1/3/2025-ന് ചുമതലയേറ്റ ശ്രീമതി ഗീതാകുമാരിക്ക് കെ.യ്ക്ക് 4/3/2025-ന് ആണ് ഇ-ഓഫീസ് ലോഗിൻ ലഭ്യമാകുന്നത്. ഇ-ഓഫീസ് ലോഗിൻ ലഭിച്ച ദിവസമാണ് വിവരശേഖരണം നടത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കുള്ള കത്ത് അംഗീകരിച്ചിരിക്കുന്നത്. മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെയും മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിലെയും ചുമതലകൾ ഒരേ സമയം നിർവഹിക്കേണ്ടി വന്നതിനാലും തൽസമയത്ത് എസ്.എസ്.എൽ.സി പരീക്ഷ നടന്നു കൊണ്ടിരിക്കുന്നതിനാലും ടി ഫയലിൽ വേണ്ടത്ര ജാഗ്രത പുലർത്താൻ കഴിഞ്ഞില്ലെന്ന വാദം പരിഗണിക്കാവുന്നതാണ്.

പ്രസ്തുത വിശദീകരണം പരിഗണിച്ച് ശ്രീമതി ഗീതാകുമാരി കെയ്ക്ക് എതിരെ KCS(CC&A) Rules 1960-ലെ ചട്ടം11(1)(i) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

6) അന്വേഷണ ഉദ്യോഗസ്ഥന്റെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം 25/04/2025 മുതൽ സസ്പെൻഷനിൽ തുടരുന്ന ശ്രീമതി ഗീതാകുമാരി കെ.യുടെ സസ്പെൻഷൻ, 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10 (6) പ്രകാരം പിൻവലിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ ടിയാളെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥയക്ക്

അനുയോജ്യമായ നിയമനം നൽകുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

7) 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയുടെ തീരുമാനത്തിന് വിധേയമായി ടിയാളുടെ സസ്പെൻഷൻ കാലയളവ് പ്രത്യേകമായി ക്രമീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡിഎ1/93/2025/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 10-06-2025 10:35:24
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്